കേരളകൗമുദി
Established by C.V. Kunjuraman as a periodical in 1911



ഡോ.പി.പി. വേണുഗോപാൽ

# അത്യാഹിതങ്ങളിൽ അത്താണിയായൊരു ഭിഷഗ്വരൻ



**കേരളത്തിൽ പ്രതിവർഷം 40,000 ൽ അധികം റോഡ് അപകടങ്ങളിലായി ശരാശരി 4000 മനുഷ്യജീവനുകളാണ് പൊലിയുന്നത്. ഗുരുതരമായി പരിക്കേൽക്കുന്നവരുടേയും മരണതുല്യരായി ജീവിക്കുന്നവരുടേയും സംഖ്യ ഏതാണ്ട് 50,000 ത്തിന് അടുത്തുവരും. 2022 ലെ സ്ഥിതിവിവര കണക്ക് അനുസരിച്ച്, ആകെ 43910 അപകടങ്ങളിലായി 4317 പേരാണ് മരണപ്പെട്ടത്. 49307 പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. നിത്യേന കാണുന്ന അത്യാഹിതങ്ങളിൽ ഒന്നു മാത്രമാണ് റോഡ് അപകടം. പ്രകൃതി ദുരന്തങ്ങളും അഗ്നിബാധയും മുങ്ങിമരണങ്ങളുമൊക്കെയായി ജീവൻ നഷ്ടമാകുന്നവരുടെ വലിയൊരു സംഖ്യ വേറെയുമുണ്ട്. ഈ കണക്ക് വർഷം തോറും എഴുതിക്കൂട്ടുന്നതല്ല, കുറച്ചുകൊണ്ടുവരുന്നതിലാണ് നാം ആശ്വസിക്കേണ്ടത്. അതിനാകട്ടെ സംസ്ഥാനത്തെ മുഴുവൻ ആശുപത്രികളിലേയും നിലവിലുള്ള അത്യാഹിത വിഭാഗം ഉടച്ചുവാർത്ത് എമർജൻസി മെഡിസിൻ സർവ്വീസ് (ഇ.എം.എസ്) എന്ന ആധുനിക സംവിധാനത്തിലേക്ക് പരിവർത്തനപ്പെടുത്തേണ്ടതുണ്ട്. എന്താണ് എമർജൻസി മെഡിസിൻ? കേരളത്തിൽ അതിന്റെ പ്രസക്തിയെന്ത്?**

**അനുദിനം പരിവർത്തന വിധേയമായിക്കൊണ്ടിരിക്കുന്ന ആധുനിക വൈദ്യശാസ്ത്രത്തിന്, ഒന്നര പതിറ്റാണ്ട് മുമ്പ് എമർജൻസി മെഡിക്കൽ എന്നൊരു അനുബന്ധം വിളക്കിച്ചേർത്ത ഡോ. പി.പി. വേണുഗോപാൽ അതെക്കുറിച്ച് സംസാരിക്കുന്നു.**

## എമർജൻസി മെഡിസിൻ സർവീസ് (ഇ.എം.എസ്)

റോഡ് അപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് മാത്രമുള്ളതല്ല എമർജൻസി മെഡിസിൻ. എല്ലാ ആശുപത്രികളിലേയും ആദ്യപരിഗണന എമർജൻസി മെഡിസിനായിരിക്കണം. ജീവൻ രക്ഷിക്കുക, വൈകല്യ സാദ്ധ്യതകൾ ഇല്ലാതാക്കുകയൊ ലഘൂകരിക്കുകയൊ ചെയ്യുക എന്നതാണ് ഇ.എം.എസിന്റെ പ്രഥമ ചുമതല. അത്യാസന്ന നിലയിൽ എത്തിക്കുന്ന രോഗിയെ ശാസ്ത്രീയ പരിശോധനകളിലൂടെ ശരിയായ പ്രശ്നം വിലയിരുത്തി അടിയന്തര വൈദ്യസഹായം ലഭ്യമാക്കിയശേഷം അതത് വിഭാഗത്തിലേക്ക് തിരിച്ചുവിടുന്ന ശാസ്ത്രശാഖയാണ് എമർജൻസി മെഡിസിൻ. അതുകൊണ്ടുതന്നെ ഒരു എമർജൻസി ഡോക്ടർക്ക് എല്ലാ വിഭാഗത്തേക്കുറിച്ചും അറിവുണ്ടായിരിക്കണം. സാധാരണ കണ്ടുവരുന്നരീതി മെഡിക്കൽ കോളേജുകളിൽ ഉൾപ്പെടെ മിക്ക ആശുപത്രികളിലും അത്യാഹിത വിഭാഗത്തിൽ നിയമിക്കുന്നത് തീരെ പരിചയമില്ലാത്ത ജൂനിയർ ഡോക്ടർമാരെയൊ ഹൗസ് സർജൻമാരെയൊ ആണ്. അത്യാഹിത വിഭാഗത്തിലെ അത്യാഹിതം അതിജീവിക്കാനാവാതെ ഒരു ജൂനിയർ ഡോക്ടറെ ബലികൊടുക്കേണ്ടിവന്നതും ഓർമ്മിക്കണം. അതുകൊണ്ടുതന്നെ വൈദ്യശാസ്ത്രത്തിന്റെ എല്ലാമേഖലയിലും പ്രാവിണ്യമുള്ള സീനിയർ ഡോക്ടർമാരും പരിചയസമ്പന്നരായ നഴ്സിംഗ് സ്റ്റാഫും പാരമെഡിക്കൽ വിഭാഗവും അറ്റൻഡറുമുൾപ്പെടുന്ന സംവിധാമാവണം എമർജൻസി മെഡിസിൻ. രോഗിയുമായെത്തുന്ന ആമ്പുലൻസിന്റെ പ്രവർത്തനം പോലും ഇവിടെ വിലപ്പെട്ടതാണ്.

ഇത്തരമൊരു പരിഷ്കരണം അത്യാഹിത വിഭാഗത്തിൽ സാദ്ധ്യമാണോ എന്നതിന് തെല്ലും ആശങ്കവേണ്ടെന്നാണ് സ്വന്തം പ്രവർത്തയിലൂടെ തെളിയിച്ച പ്രായോഗിക പരിജ്ഞാനത്തെ മുൻ നിറുത്തി ഡോ. വേണുഗോപാൽ പറയുന്നത്.

കോഴിക്കോട് ആസ്റ്റർ മിംസിൽ അനസ്തേഷ്യോളജിസ്റ്റ് ആയിരിക്കുമ്പോഴാണ് ഡോ. പി.പി. വേണുഗോപാലിന്റെ മനസിൽ എമർജൻസി മെഡിസിൻ എന്ന ആശയം ഉദിച്ചത്. ആ വഴിയിലൂടെയുള്ള ദീർഘസഞ്ചാരം അദ്ദേഹത്തെ കൊണ്ടെത്തിച്ചത് വലിയൊരു ലോകത്താണ്. ഓപ്പറേഷൻ തീയറ്ററിൽ രോഗികളെ മയക്കികിടത്തിയും മയക്കത്തിൽ നിന്ന് ഉണർത്തിയും പതിവ് പ്രക്രിയയിൽ മുഴുകിയിരുന്ന ഡോക്ടർ ഇന്ന് മിംസിലെ അടിയന്തര ശുശ്രൂഷ വിഭാഗത്തിന്റെ തലവനും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സേവനമനുഷ്ഠിക്കുന്ന ആയിരക്കണക്കിന് ഡോക്ടർമാരുടെ പ്രിയപ്പെട്ട ഗുരുനാഥനുമാണ്. ആധുനിക വൈദ്യശാസ്ത്രത്തിലെ വിപ്ലവകരമായ ഈ മുന്നേറ്റത്തിലേക്ക് നയിക്കാൻ ചില കാരണങ്ങളുമുണ്ട്. പ്രശസ്ത സിനിമ സംവിധായകൻ ജോൺ എബ്രഹാമിന്റെ മരണം അതിലൊരു കാരണമാണ്. വർഷങ്ങൾക്ക് മുമ്പ് നടന്ന സംഭവമാണെങ്കിലും ജോൺ എബ്രഹാമിന് യഥാസമയം ചികിത്സ കിട്ടിയിരുന്നുവെങ്കിൽ മരണപ്പെടില്ലായിരുന്നു വിശ്വസിക്കാനാണ് ഡോ. വേണുഗോപാലിന് ഇഷ്ടം. കെട്ടിടത്തിന്റെ മുകളിൽ നിന്ന് വീണ് പരിക്കേറ്റ നിലയിലാണ് ജോൺ എബ്രഹാമിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. കാഴ്ചയിൽ ഒരു ഭിക്ഷക്കാരനെപ്പോലെ തോന്നിച്ച അദ്ദേഹത്തെ തിരിച്ചറിയാതെ പോയതാണ് അന്നുണ്ടായ പ്രധാന പരാജയം. വീഴ്ചയിൽ ഇടുപ്പെല്ലിനുണ്ടായ പൊട്ടലും അതിലൂടെയുള്ള ആന്തരീക രക്തസ്രാവവുമായിരുന്നു മരണകാരണം. പുറമേ പ്രകടമാകാത്ത ആ അത്യാഹിതം മനസിലാക്കുന്നതിലും പിഴവുപറ്റി. അതുമായി താരതമ്യം ചെയ്യുമ്പോഴാണ് ഇന്നത്തെ എമർജൻസി മെഡിസിൻ എന്ന സംവിധാനത്തിന്റെ മഹത്വം മനസിലാകുന്നത്. 2012 ലാണ് മലയാളത്തിന്റെ പ്രിയനടൻ ജഗതി ശ്രീകുമാർ റോഡപകടത്തിൽ ഗുരുതരമായി പരിക്കേറ്റ് മിംസിൽ പ്രവേശിപ്പിക്കപ്പെട്ടത്. അന്നും എമർജൻസി മെഡിസിൻ ഇത്രത്തോളം വികാസം പ്രാപിച്ചിരുന്നില്ല. ജഗതി ശ്രീകുമാറിന് അപകടം സംഭവിച്ചപ്പോൾ ഇന്നത്തെ സാങ്കേതിക വിദ്യകൂടി ഉണ്ടായിരുന്നുവെങ്കിൽ എന്ന് ആശിച്ചുപോവുകയാണ്. എന്നാൽ സമീപകാലത്ത് ബി.ജെ.പി നേതാവ് ശങ്കു ടി. ദാസിനുണ്ടായ അപകടവും അതിന് കിട്ടിയ ഫലപ്രദമായ ചികിത്സയുമാണ് എമർജൻസി മെഡിസിന്റെ വളർച്ചയിൽ എടുത്തുപറയാവുന്ന ഉദാഹരണം.



### ഡോ.പി.പി.വേണുഗോപാൽ

മലപ്പുറം ഏലകുളം ചെറുകരയിൽ വേലായുധൻ, ജാനകി ദമ്പതികളുടെ മകനാണ് ഡോ. പി.പി. വേണുഗോപാൽ. കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്ന് വൈദ്യശാസ്ത്രത്തിൽ ബിരുദവും അനസ്തേഷ്യോളജിയിൽ ബിരുദാനന്തര ബിരുദവും കരസ്ഥമാക്കിയശേഷം കോഴിക്കോട് ആസ്റ്റർ മിംമ്സ് ആശുപത്രിയിൽ അനസ്തേഷ്യോളജിസ്റ്റ് ആയി സേവനം ആരംഭിച്ചു. പിന്നീട് അമേരിക്കയിലെ പ്രശസ്തമായ ജോർജ് വാഷിംങ്ങ്ടൺ യൂണിവേഴിസിറ്റിയിൽ നിന്ന് എമർജൻസി മെഡിസിനിൽ മാസ്റ്റർ ബിരുദം നേടി. കേരളത്തിൽ എമർജൻസി മെഡിസിൻ സംവിധാനത്തിന് തുടക്കം കുറിച്ചു. നിലവിൽ ആസ്റ്റർ സി.എം. ഹെൽത്ത് കെയറിന്റെ ഇന്ത്യയിലെ എമർജൻസി വിഭാഗം ഡയറക്ടർ, സംസ്ഥാന റോഡ് സുരക്ഷ സമിതി വിദഗദ്ധസമിതി അംഗം, ജോർജ് വാഷിംങ്ങ്ടൺ യൂണിവേഴ്സിറ്റി സൈറ്റ് ഡയറക്ടർ, മിംസ് അക്കാഡമി ഡെപ്യൂട്ടി ഡയറക്ടർ, സൊസൈറ്റി ഫോർ എമർജൻസി മെഡിസിൻ ഇന്ത്യയുടെ ഇ.എം.എസ്. ഡിവിഷൻ ചെയർമാൻ എന്നീനിലകളിൽ പ്രവർത്തിക്കുന്നു.

ലോകോത്തര നിലവാരമുള്ള എമർജൻസി മെഡിസിൻ സംവിധാനത്തിന്റെ ഉപജ്ഞാതാവ് എന്നലനിലയിൽ രാജീവ് ഗാന്ധി ജീവൻരക്ഷ അവാർഡ്, എയിംസ് എന്റർപ്രണർഷിപ്പ് അവാർഡ്, ഇ.എം.എസ് ഏഷ്യ അവാർഡ് തുടങ്ങി ഒട്ടേറെ പുരസ്കാരങ്ങളും ഡോ. വേണുഗോപാലിന് ലഭിച്ചിട്ടുണ്ട്. ഭാര്യ: ഡോ. ബേബി സുപ്രിയ, മകൾ: ഡോ. നീതു, മരുമകൻ: ഡോ. കമൽ ദേവ് (ഇരുവരും യു.കെയിൽ എമർജൻസി മെഡിസിൻ വിഭാഗം ഡോക്ടർമാരാണ്)



**സാധാരണ കണ്ടുവരുന്നരീതി മെഡിക്കൽ കോളേജുകളിൽ ഉൾപ്പെടെ മിക്ക ആശുപത്രികളിലും അത്യാഹിത വിഭാഗത്തിൽ നിയമിക്കുന്നത് തീരെ പരിചയമില്ലാത്ത ജൂനിയർ ഡോക്ടർമാരെയൊ ഹൗസ് സർജൻമാരെയൊ ആണ്. അത്യാഹിത വിഭാഗത്തിലെ അത്യാഹിതം അതിജീവിക്കാനാവാതെ ഒരു ജൂനിയർ ഡോക്ടറെ ബലികൊടുക്കേണ്ടിവന്നതും ഓർമ്മിക്കണം. അതുകൊണ്ടുതന്നെ വൈദ്യശാസ്ത്രത്തിന്റെ എല്ലാമേഖലയിലും പ്രാവിണ്യമുള്ള സീനിയർ ഡോക്ടർമാരും പരിചയസമ്പന്നരായ നഴ്സിംഗ് സ്റ്റാഫും പാരമെഡിക്കൽ വിഭാഗവും അറ്റൻഡറുമുൾപ്പെടുന്ന സംവിധാനമാവണം എമർജൻസി മെഡിസിൻ. രോഗിയുമായെത്തുന്ന ആമ്പുലൻസിന്റെ പ്രവർത്തനം പോലും ഇവിടെ വിലപ്പെട്ടതാണ്.**

2007ലാണ് കോഴിക്കോട് മിംമ്സിൽ ഡോ.വേണുഗോപാലിന്റെ നേതൃത്വത്തിൽ എമർജൻസി മെഡിസിൻ സംവിധാനം ആരംഭിച്ചത്. അതിനുമുമ്പ് അമേരിക്കയിലെ ജോർജ് വാഷിംങ്ങ്ടൺ യൂണിവേഴ്സിറ്റിയിൽ നിന്ന് മാസ്റ്റേഴ്സ് ബിരുദവും അദ്ദേഹം കരസ്ഥമാക്കിയിരുന്നു. മിം സിലെ അത്യാഹിത വിഭാഗം അടിമുടി പരിഷ്കരിച്ച അദ്ദേഹം കൃത്യമായ ചിട്ടവട്ടങ്ങളും മെഡിക്കൽ പ്രോട്ടോക്കോളുമുള്ള പുതിയ ചികിത്സാരീതിയായി എമർജൻസി മെഡിസിൻ വിഭാഗമായി പരിവർത്തനപ്പെടുത്തി. പിന്നെയും രണ്ട് വർഷങ്ങൾക്ക് ശേഷം 2009 ജൂലായ് 21 ആണ് മെഡിക്കൽ കൗൺസിൽ ഒഫ് ഇന്ത്യ എമർജൻസി മെഡിക്കൽ സർവ്വീസ് അംഗീകരിച്ചത്. 2013 മുതൽ ഇന്ത്യയിലെ മെഡിക്കൽ കോളേജുകളിൽ ഇ.എം.എസ് പി.ജി.കോഴ്സുകൾ ആരംഭിച്ചു. രാജ്യത്താകമാനം മിംമ്സിന്റെ 14 കാമ്പസുകളിലും ഈ കോഴ്സ് നിലവിലുണ്ട്. കഴിഞ്ഞ 10 വർഷത്തിനിടെ ഡോ. വേണുഗോപാലിന്റെ ശിഷ്യരായ 2000ൽ അധികം പാരമെഡിക്കൽ സ്റ്റാഫും 78 പി.ജി ഡോക്ടർമാരും ഇംഗ്ലണ്ടിലും മിഡിൽ ഈസ്റ്റിലും ഉൾപ്പെടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സേവനമനുഷ്ഠിക്കുന്നുണ്ട്.

## ■ എയ്ഞ്ചൽ ആമ്പുലൻസ് സർവീസ്
(ANGLE - Active Network Grop of Life Severs)

എമർജൻസി മെഡിക്കൽ സർവീസിന് ശേഷം അത്യാഹിത ലഘൂകരണത്തിനായി ഡോ. പി.പി.വേണുഗോപാൽ നടപ്പിലാക്കി വിജയിപ്പിച്ച രണ്ടാമത്തെ പദ്ധതിയാണ് എയ്ഞ്ചൽ ആമ്പുലൻസ് നെറ്റ് വർക്ക്. മലബാറിലെ അഞ്ച് ജില്ലകളിൽ '102' എന്ന് ഡയൽ ചെയ്ത് വിളിച്ചാൽ അത്യാഹിത വിഭാഗം കൈകാര്യം ചെയ്യാൻ കെല്പുള്ള ജീവനക്കാരോടുകൂടിയ ആമ്പുലൻസ് വിളിപ്പുറത്ത് എത്തുന്നതായിരുന്ന പദ്ധതി. അതുവരെ ആശുപത്രികളുടെ വാതിൽക്കൽ മൃതദേഹങ്ങൾക്കുവേണ്ടി കാത്തുകിടക്കുന്ന മരണവണ്ടിമാത്രമായിരുന്നആമ്പുലൻസുകൾക്ക് പുതിയമാനം നല്കുന്നതായിരുന്ന എയ്ഞ്ചൽ നെറ്റ് വർക്ക്. ഇതോടൊപ്പം ഇ.എം.സി.റ്റി (എമർജൻസി മെഡിക്കൽ കെയർ ടെക്നീഷ്യൻസ്) എന്നൊരു സന്നദ്ധസേനയും രൂപീകരിച്ചു. റോഡ് അപകടങ്ങൾ ഉൾപ്പെടെയുള്ള അത്യാഹിതങ്ങൾ ഉണ്ടായാൽ അടിയന്തര ശുശ്രൂഷ നല്കുന്നതിന് പ്രാപ്തിയുള്ള 500 സന്നദ്ധപ്രവർത്തകരെ വാർത്തെടുക്കാൻ ഇതിലൂടെ സാധിച്ചു. ഇവർക്ക് 3 മാസത്തെ പരിശീലനവും ആശുപത്രികളിൽ ഒരുവർഷത്തെ പ്രായോഗിക പരിജ്ഞാനവും ലഭ്യമാക്കി. 2018-19 പ്രളയ കാലത്തും, പിന്നീടുണ്ടായ കൊവിഡ് മഹാമാരിക്കാലത്തും ഈ സന്നദ്ധസേനയുടെ സേവനം മലബാർ മേഖലയിൽ ഏറെ പ്രയോജനപ്പെട്ടു.



